## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 582 | 28.09.2011 - ൽ മറുപടിക്ക് |
|---|---|

### മരുന്നു വില നിയന്ത്രിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീലാ പ്രകാശം<br>ശ്രീ. മാത്യു. റ്റി. തോമസ്<br>ശ്രീ. ശ്രീ. സി.കെ. നാണു | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചു കൊണ്ടിരിക്കുന്ന മരുന്നുവില നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | സംസ്ഥാനത്ത് വർദ്ധിച്ചു കൊണ്ടിരിക്കുന്ന മരുന്നുവില നിയന്ത്രിക്കാനായി കാൻസർ, യൂറോളജി, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങളുടെ ചികിത്സയ്ക്കാവശ്യമായുള്ള മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കുവാൻ, വിദഗ്ദ്ധ ഡോക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇടനിലക്കാരെയും വൻകിട കുത്തകക്കാരെയും ഒഴിവാക്കി മരുന്ന് വിതരണം സുതാര്യവും നീതിപൂർവ്വവും ആക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മരുന്നുകൾ ശേഖരിച്ച് മെഡിക്കൽ കോളേജ്, ജനറൽ ഹോസ്പിറ്റൽ, താലൂക്ക് ആശുപത്രി തുടങ്ങിയ സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ ആരംഭിച്ച് സാധാരണ ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | അവശ്യ മരുന്നുകളുടെ പട്ടിക (Essential Drug List) -യിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും വില കൂടിയതും ബ്രാൻഡഡ് ഇനത്തിലും പെട്ട മരുന്നുകൾ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ വഴി നേരിട്ട് നിർമ്മാതാക്കളിൽ നിന്നും സംഭരിച്ച് ഒരു വില്പന കൗണ്ടർ വഴി മിതമായ വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ മാനേജ്മെന്റ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ